# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 381

12/05/2017-ൽ മറുപടിയ്ക്ക്.

## പാൽ വിലവർദ്ധനവിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് നടത്തിയ ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) 2017 ഫെബ്രുവരിയിൽ നടത്തിയ പാൽവില വർദ്ധനവിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമായില്ല എന്നുള്ള മാധ്യമ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വർദ്ധിപ്പിച്ച പാൽവില കർഷകർക്ക് ലഭിക്കുന്നില്ല എന്ന വാർത്ത ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിൽ നിന്നും പാൽവില വർദ്ധനവിന്റെ ഭാഗമായി കർഷകർക്ക് പുതുക്കിയ പാൽവില പ്രകാരമുള്ള അധികവില ലഭിക്കുന്നുവെന്ന് ജില്ല, ബ്ലോക്ക്, ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) പാൽവില വർദ്ധനയുടെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്ന് നടത്തിയ ഇടപെടലുകൾ എന്തെല്ലാം;വ്യക്തമാക്കുമോ; | (ബി) ക്ഷീരവികസന വകുപ്പ് സംഘടിപ്പിച്ച സംസ്ഥാന ക്ഷീരസംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 162 ക്ഷീരവികസന യൂണിറ്റുകളിൽ നിന്നുള്ള 162 ക്ഷീര കർഷകപ്രതിനിധികളെ പങ്കെടുപ്പിച്ച് നടത്തിയ ക്ഷീരകർഷക പാർലമെന്റിൽ പ്രധാനമായും ഉയർന്നു വന്ന പാൽ വില വർദ്ധനവ് എന്ന ആവശ്യം സർക്കാർ ഗൗരവമായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലും കഴിഞ്ഞ രണ്ടു |

വർഷത്തിനിടയിൽ കർഷകർക്ക് ഉൽപാദനചെലവിലുണ്ടായ വർദ്ധനവും കണക്കിലെടുത്താണ് പാൽ വില വർദ്ധിപ്പിക്കുന്നതിന് അനുകൂല സമീപനമെടുത്തത്. വർദ്ധിപ്പിച്ച വിൽപന വിലയുടെ 83.75% അതായത് വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 3.35/- രൂപയും കർഷകർക്ക് മിൽമ നൽകുകയാണ് ഉണ്ടായത്. അതോടൊപ്പം പാൽ വില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി. സാധാരണ പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുടെ തോതിലാണ്. എന്നാൽ ഇത്തവണ അത് 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണവിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളും ഉള്ള പാലിന് കർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപനവില ലിറ്ററിന് 4/-രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന് ലിറ്ററിന് 4.02 രൂപ ലഭ്യമായി. ക്ഷീരകകർഷകർക്ക് വർദ്ധിപ്പിച്ച പാൽ വിലയുടെ സിംഹഭാഗവും ലഭിക്കും എന്ന് ഉറപ്പ് വരുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്.

വർദ്ധിപ്പിച്ച പാൽവില കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ക്ഷീരസംഘങ്ങളിൽ നിന്നും കർഷകർക്ക് നൽകിയ പാൽവിലയുടെ വിവരങ്ങൾ പരിശോധിക്കുകയും ആയതിൻ പ്രകാരം വില വർദ്ധനവ് കർഷകർക്ക് ലഭിക്കുന്നതായി ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ പാൽവില ചാർട്ട്, സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ പാൽവിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും /ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാൽവില വർദ്ധനവ് സംബന്ധിച്ച തീരുമാനം എടുത്ത മിൽമ ഭരണസമിതി യോഗത്തിൽ സർക്കാർ പ്രതിനിധികളായി ഗവൺമെന്റ് സെക്രട്ടറിയും, ക്ഷീരവികസന വകുപ്പ് ഡയറക്ടറും പങ്കെടുത്തു കൊണ്ട് പാൽ വില വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് പരമാവധി ലഭിക്കുന്നതിനുവേണ്ട നിലപാടുകൾ സ്വീകരിക്കുകയും അവ കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) ക്ഷീരകർഷകരുടെ ചിരകാല ആവശ്യമായ പാൽവില ചാർട്ട് പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ നീക്കം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) പാൽ വില ചാർട്ട് അശാസ്ത്രീയമാണ് എന്ന് ചൂണ്ടികാണിച്ച് നിരവധി പരാതികൾ സർക്കാരിൽ കിട്ടിയതിനെ തുടർന്ന് കഴിഞ്ഞ പാൽ വില വർദ്ധനവ് സമയത്ത് സർക്കാർ മിൽമയുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ചാർട്ടിൽ വരുത്തുന്നതിന് ഇടയായി. ഇതിന്റെ ഫലമായി സാധാരണ പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും തോതിലാണ്. എന്നാൽ ഇത്തവണ 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര |

പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണവിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്.

സെക്ഷൻ ഓഫീസർ